## <u>ശുചീകരണ യജ്ഞം</u>

ഓപ്പറേഷൻ ജലരക്ഷയുടെ ഭാഗമായി കേരളത്തിലെ പൊതു-സ്വകാര്യ മേഖലയിലെ വ്യവസായ സ്ഥാപങ്ങൾക്ക് സുരക്ഷയൊരുക്കുന്ന കേരളാ പോലീസ് വിഭാഗമായ സംസ്ഥാന വ്യവസായ സുരക്ഷാ സേന (State Industrial Security Force) യുടെ നേതൃത്വത്തിൽ കേരളത്തിലെ പ്രളയ ബാധിത പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.

തിരുവല്ല കേന്ദ്രീകരിച്ച നടന്ന ശുചീകരണ പ്രവർത്തനങ്ങളിൽ പെരിങ്ങര ഗ്രാമപഞ്ചായത്ത് ഓഫീസ്, പെരിങ്ങര പ്രിൻസ് മാർത്താണ്ട വർമ്മ സ്കൂൾ, കുറ്റൂർ വില്ലേജ് ഓഫീസ്, പെരിങ്ങര വി.പി സ്മാരക ലൈബ്രറി, കടപ്ര കണ്ണശ സ്മാരക ഗവ. ഹയർസെക്കൻഡറി സ്കൂൾ തുടങ്ങീ അടിയന്തരമായി പ്രവർത്തിക്കേണ്ട സർക്കാർ സ്ഥാപങ്ങളെ വൃത്തിയാക്കുകയും പ്രവത്തന സജ്ജമാക്കുകയും ചെയ്തു. മൂന്ന് ദിവസങ്ങളിലായി 150 ലധികം സേനംഗങ്ങൾ പങ്കെടുത്ത ശുചീകരണ യജ്ഞത്തിന് സംസ്ഥാന വ്യവസായ സുരക്ഷാ സേന കമ്മണ്ടാന്റ് ശ്രീ. അൻവിൻ ജെ ആന്റണി അവർകൾ നേതൃത്വം നൽകി.